**കേരള സർക്കാർ**
**സംഗ്രഹം**

ധനകാര്യ വകുപ്പ്- എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - തിരുവമ്പാടി നിയോജക മണ്ഡലം - മണ്ഡലത്തിലെ മുഴുവൻ സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകൾക്കും സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും വാങ്ങുന്നതിന് തുക അനുവദിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

സ.ഉ. (സാധാ) നം. 9680/2017/ധന തീയതി, തിരുവനന്തപുരം,29.12.2017

പരാമർശം : 1. 27.05.2004-ലെ സ.ഉ.(പി) നം. 247/2004/ധന ഉത്തരവ്.
2. ശ്രീ.ജോർജ്ജ് എം തോമസ് എം.എൽ.എ. ബഹു. ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് 13.12.2017 ന് നൽകിയ കത്ത്.

**ഉത്തരവ്**

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുഴുവൻ സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിലേയും പെൺകുട്ടികൾക്കുള്ള ആരോഗ്യ-ശുചിത്വ പദ്ധതിയുടെ ഭാഗമായി സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും വാങ്ങുന്നതിന് എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും 19,68,000/- രൂപ (പത്തൊൻപത് ലക്ഷത്തി അറുപത്തിയെട്ടായിരം രൂപ മാത്രം) വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് ശ്രീ.ജോർജ്ജ് എം തോമസ് എം.എൽ.എ. പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുഴുവൻ സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകൾക്കും സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും വാങ്ങുന്നതിന് ശ്രീ.ജോർജ്ജ് എം തോമസ് എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ നിന്നും 19,68,000/- രൂപ (പത്തൊൻപത് ലക്ഷത്തി അറുപത്തിയെട്ടായിരം രൂപ മാത്രം) വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിന്ദുറാണി.സി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ, ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
3. ശ്രീ.ജോർജ്ജ് എം തോമസ് എം.എൽ.എ, മേക്കാട്ടുക്കുന്നേൽ ഹൗസ്, പനംപിലാവ്-673639
4. ജില്ലാ കളക്ടർ, കോഴിക്കോട്
5. ജില്ലാ ട്രഷറി ഓഫീസർ, കോഴിക്കോട്
6. നോഡൽ ഓഫീസർ www.finance.kerala.gov.in
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (File No. NC-B1/167/2017-FIN)

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**